ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മെഡിക്കൽ ബിരുദധാരികളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

120 [5907] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് (എം. ബി. ബി. എസ്.) ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ മെഡിക്കൽ ശാഖകളിൽ സ്പെഷ്യലൈസ് ചെയ്ത എത്ര ഡോക്ടർമാർ കേരളത്തിൽ സേവനമനുഷ്ഠിക്കുന്നുവെന്ന് ഓരോ വിഭാഗത്തിലേയും കണക്ക് സഹിതം അറിയിക്കുമോ;

(സി) അഖിലേന്ത്യാ-സംസ്ഥാന ഡോക്ടർ-രോഗി അനുപാതം എത്ര ആണ്; ഇത് സംബന്ധിച്ച ലോകാരോഗ്യ സംഘടനയുടെ നിബന്ധനകൾ എന്തൊക്കെയാണ്; ആഗോള തലത്തിൽ അംഗീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് തൊഴിൽരഹിതരായ ഡോക്ടർമാരുടെ എണ്ണം എത്ര യാണ്; മെഡിക്കൽ ബിരുദധാരികളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മെഡിക്കൽ പ്രാക്ടീഷണർമാരുടെ എണ്ണം (അലോപ്പതി) 32,382 ആണ്.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, സൈക്യാട്രി, സ്കിൻ ആന്റ് വി. ഡി., അനസ്തേഷ്യ, ഇ. എൻ. ടി., നെഞ്ചുരോഗം, റേഡിയോ തെറാപ്പി, റേഡിയോ ഡയഗ്നോസിസ്, ഓഫ്താൽമോളജി മുതലായ സ്പെഷ്യാലിറ്റികളിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാരുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന സ്പെഷ്യലൈസേഷനുള്ള ഡോക്ടർമാരുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഡോ. പൈ കമ്മിറ്റി റിപ്പോർട്ട് പ്രകാരം കിടത്തി ചികിൽസിക്കുന്ന 30 രോഗികൾക്ക് 1 ഡോക്ടർ, 50 രോഗികൾക്ക് 2 ഡോക്ടർ, 75 രോഗികൾക്ക് 3 ഡോക്ടർ, 100 രോഗികൾക്ക് 4 ഡോക്ടർ, 150 രോഗികൾക്ക് 5 ഡോക്ടർ, 200 രോഗികൾക്ക് 6 ഡോക്ടർ, 300 രോഗികൾക്ക് 7 ഡോക്ടർ, 400 രോഗികൾക്ക് 8 ഡോക്ടർ, എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. ജനസംഖ്യാനുപാതമനുസരിച്ച് 1070 പേർക്ക് 1 ഡോക്ടർ എന്നതാണ് ഇപ്പോഴത്തെ കണക്ക്. ഇത് സംബന്ധിച്ചുള്ള ലോകാരോഗ്യ സംഘടനയുടെ നിബന്ധനകൾ ആഗോളതലത്തിൽ അംഗീകരിച്ച മാനദണ്ഡങ്ങൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൊഴിൽരഹിതരായ ഡോക്ടർമാരുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്. സ്വകാര്യ മെഡിക്കൽ കോളേജുകളും സ്വകാര്യ ആശുപത്രികളും കൂടുതലായി നിലവിൽ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മെഡിക്കൽ ബിരുദധാരികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

ആരോഗ്യ വകുപ്പിന്റെ കീഴിൽ സി. പി. സി. സമ്പ്രദായം അവസാനിപ്പിച്ച് കോർപ്പറേഷൻ രൂപീകരിക്കുന്നതിന് നടപടി

121 [5908] ശ്രീ. ബിനോയ് വിശ്വം:

„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ സി. പി. സി. സമ്പ്രദായം അവസാനിപ്പിച്ച് പകരം ഒരു കോർപ്പറേഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കോർപ്പറേഷൻ എപ്പോൾ രൂപീകരിക്കും എന്നും അതിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടംവരെയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ഡിസംബറിൽ സി. പി. സി. അനുസരിച്ച് ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമായ മരുന്നുകൾ സ്റ്റോക്കിൽ എടുക്കാത്തതുകൊണ്ട് ആശുപത്രികളിലേയ്ക്ക് പനിയടക്കമുള്ള പകർച്ചവ്യാധികൾക്ക് എതിരായ മരുന്നുകളുടെ വിതരണം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഗുരുതരമായ സ്ഥിതി വിശേഷത്തിനും കൃത്യവിലോപത്തെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം 'എ'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഉത്തരം 'സി'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ആശുപത്രി വികസന സമിതികളുടെ കീഴിൽ പണിയെടുക്കുന്ന ദിവസവേതനക്കാരുടെ വേതനം സർക്കാർ മേഖലയിൽ പണിയെടുക്കുന്ന ദിവസവേതനക്കാരുടെ ശമ്പളത്തിന് തുല്യമാക്കാൻ നടപടി

122 [5911] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആശുപത്രി വികസന സമിതികളുടെ കീഴിൽ പണിയെടുക്കുന്ന ദിവസവേതനക്കാരുടെ വേതനം വെട്ടിക്കുറച്ച നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly